© Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

KERALA GAZETTE
കേരള ഗസറ്റ്

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LIV വാല്യം 54 | **THIRUVANANTHAPURAM, TUESDAY** തിരുവനന്തപുരം, ചൊവ്വ | **28th July 2009** 2009 ജൂലൈ 28 / **6th Sravana 1931** 1931 ശ്രാവണം 6 | **No.** നമ്പർ **30**

PART III

Forest Department

PUNALUR DIVISION

TENDER/AUCTION NOTICE

No. PC2-2338/2009. *4th July 2009.*

It is hereby notified for the information of the public that the produces as per the schedule below, collected by Final felling in 1948 Teak Plantations, Kadamancodu in Kulathupuzha section in Anchal Range of this Division will be sold in public tender/auction at the site at the time and place mentioned in the schedule by the Divisional Forest Officer, Punalur or any other Officer duly authorized by him subject to the conditions published in Kerala Gazette No. 50, dated 16-12-2008, by the Chief Conservator of Forests (P), Vide Letter No. Pro. (5) 7698/08, dated 6-12-2008.

In case the date of auction happens to be a holiday, the sale will be conducted in the next working day at the time and place mentioned in the notification. If the tender/auction could not be conducted on the notified date due to any other reason or if all the produce put for the tender/auction could not be sold on the above notified date, the same shall be conducted on 18-8-2009 at the same time and place mentioned in the notification. In addition to the above, the produce delivered at the dumping depots till the date of tender/auction will also be included in the auction. More details can be had either from Range Office, Anchal or the Office of the undersigned during working hours or in the Kerala Forest Website www.keralaforest.org.

Tender form can be had from the office of the undersigned till 1 p. m. on the working day before the auction date on payment of Rs. 100+VAT. The last date and time of receipt of tender is at 9 a. m. on the auction date.

SCHEDULE

Name of Range	*Name of Plantation*	*Class and quantity of Teak Poles*	*Site of stacking*	*Date, Time and venue of auction*
Anchal	1948 Teak Plantation, Kadamancodu	I C—207 Nos. II C—235 „ III—464 „ IV—552 „ V—79 „ Teak Billets—98.30 MT	Kalluvettankuzhy Dumping Depot (1963 Teak Plantation)	13-8-2009, 10.30 a. m. at Kalluvettankuzhy Dumping Depot

EMD—Rs. 20,000.

Alternate date—18-8-2009.

പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിലെ കുളത്തൂപ്പുഴ സെക്ഷനിലെ 1948 കടമാൻകോട് തേക്ക് തോട്ടത്തിൽനിന്നും അന്തിമവെട്ട് നടത്തി ശേഖരിച്ചിട്ടുള്ള താഴെപ്പട്ടികയിൽ പറയുന്നതുമായ ഉൽപ്പന്നങ്ങൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 6-12-2009-ലെ പ്രൊ. (5) 7698/08-ാം നമ്പരിൽ 16-12-2008-ലെ കേരള ഗസറ്റ് നമ്പർ 50-ൽ വിവരിക്കുന്ന ദർഘാസ്/ലേല വ്യവസ്ഥകൾക്ക് വിധേയമായി പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ ടിയാൻ അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പട്ടികയിൽ പറയുന്ന സ്ഥലത്തും സമയത്തുംവച്ച് പരസ്യമായി ദർഘാസ്/ലേലം ചെയ്ത് വിൽക്കുന്നതാണ്.

ദർഘാസ്/ലേലദിവസം പൊതു അവധിയായിവന്നാൽ അടുത്ത പ്രവൃത്തിദിവസം പ്രസ്തുത സ്ഥലത്തും സമയത്തുംവച്ച് ദർഘാസ്/ലേലം നടത്തുന്നതായിരിക്കും. പൊതു ഒഴിവല്ലാതെ മറ്റേതെങ്കിലും കാരണത്താൽ ദർഘാസ്/ലേലം നടത്താൻ കഴിയാതെ വന്നാലോ ദർഘാസ്/ലേലത്തിൽ വച്ചിരിക്കുന്ന ഉൽപ്പന്നങ്ങളെല്ലാം ലേലദിവസം വിൽക്കാൻ കഴിയാതെവന്നാലോ 18-8-2009-ന് രാവിലെ 10.30-ന് ദർഘാസ്/ലേലം നടത്തുന്നതായിരിക്കും. മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾകൂടാതെ ഡമ്പിംഗ് ഡിപ്പോയിൽ ദർഘാസ്/ലേലത്തിന് മുൻപായി ഇറക്കുന്ന ഉൽപ്പന്നങ്ങൾകൂടി ലേലത്തിൽ ഉൾപ്പെടുത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾ പ്രവൃത്തിദിവസങ്ങളിൽ ഈ ആഫീസിലോ അഞ്ചൽ റെയിഞ്ചാഫീസിലോ വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaforest.org-ലോ ലഭ്യമാണ്. ലേലത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തലേദിവസം ഉച്ചയ്ക്ക് 1 മണിവരെ ദർഘാസ് ഫാറങ്ങൾ ഈ ആഫീസിൽനിന്നും വിലയായ 100 (നൂറ്) രൂപയും മൂല്യവർദ്ധിത നികുതിയും ഒടുക്കി വാങ്ങേണ്ടതാണ്. ലേലദിവസം രാവിലെ 9 മണിവരെ സീൽചെയ്ത ദർഘാസുകൾ സ്വീകരിക്കുന്നതാണ്.

പട്ടിക

റെയിഞ്ചിന്റെ പേര്	തോട്ടത്തിന്റെ പേര്	ഉൽപ്പന്നത്തിന്റെ ഇനം, അളവ് മുതലായവ	തേക്കുകഴ/ വിറക് അട്ടിവച്ചിരിക്കുന്ന സ്ഥലം	ലേല തീയതിയും സമയവും സ്ഥലവും
അഞ്ചൽ	1948 തേക്ക്-തോട്ടം കടമാൻകോട് കുളത്തൂപ്പുഴ	തേക്ക് കഴ : I സി—207 എണ്ണം II സി—235 „ III—464 „ IV—552 „ V—79 „ തേക്ക്	കല്ലുവെട്ടാൻകുഴി ഡമ്പിംഗ് ഡിപ്പോ ബില്ലറ്റ്സ്—98.30	13-8-2009-ന് രാവിലെ 10. 30-ന് കല്ലുവെട്ടാൻകുഴി ഡമ്പിംഗ് ഡിപ്പോ MT

നിരതദ്രവ്യം—രൂപ 20,000.

പകരം ലേലത്തീയതി—18-8-2009.

(Sd.)

Kollam. *Divisional Forest Officer*

(For and on behalf of the Governor of Kerala).

കോന്നി ഡിവിഷൻ

ദർഘാസ് പരസ്യം

നമ്പർ കെ. എൻ. സി8-2888/2009. 2009 ജൂലായ് 8.

കേരള ഗവർണ്ണർക്കുവേണ്ടി കോന്നി ഡിവിഷനിൽപ്പെട്ട താഴെ പറയുന്ന ജോലികൾക്ക് മുദ്രവച്ച ദർഘാസുകൾ കേരള പൊതുമരാമത്തു വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും 2009 ആഗസ്റ്റ് 12-ാം തീയതി പകൽ 3 (മൂന്ന്) മണിവരെ ഈ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഫോറങ്ങൾ പരസ്പരം കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ദർഘാസ് ഫോറങ്ങൾ അന്നേ ദിവസം പകൽ ഒരു മണിവരെ ഈ ഓഫീസിൽ നിന്നും നിശ്ചിത വിലയ്ക്ക് (വില്പന നികുതിയടക്കം) ലഭിക്കുന്നതാണ്. ദർഘാസ് ദിവസം അവധി ദിവസമായോ മറ്റു പൊതു അവധി ദിവസമായോ മറ്റു സാങ്കേതിക കാരണങ്ങളാലോ ദർഘാസ് നടക്കാതെ വന്നാൽ 2009 ആഗസ്റ്റ് 19-ാം തീയതി നിശ്ചിത സ്ഥലത്തും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ അന്നേ ദിവസം പകൽ 3.30-ന് കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. ദർഘാസിനോടൊപ്പം നിശ്ചിത നിരതദ്രവ്യം ഏതെങ്കിലും അംഗീകൃത ബാങ്കിൽ അടച്ച് കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് മാറത്തക്കവിധം പ്ലഡ്ജ് ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്തിരിക്കേണ്ടതും ആയത് ഇല്ലാത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതുമാണ്. കരാറുകാർ അവരവരുടെ രജിസ്ട്രേഷൻ കാർഡ് കാണിച്ച് ദർഘാസ് ഫോറത്തിന് അപേക്ഷിക്കേണ്ടതാണ്. ടി പരസ്യപ്രകാരമുള്ള ജോലിക്ക് ആവശ്യമായ ലറ്റർ ഓഫ് ക്രഡിറ്റ് ലഭിക്കാതെ വരികയോ കൂടാതെ മറ്റു സാങ്കേതിക കാരണങ്ങളാലോ ടെൻഡർ റദ്ദാക്കുവാൻ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

പട്ടിക

ക്രമ നമ്പർ	ജോലിയുടെ പേരും അടങ്കൽ തുകയും	നിരത ദ്രവ്യം രൂപ
1	കോന്നി ഫോറസ്റ്റ് റെയിഞ്ചിൽപ്പെട്ട മുണ്ടോമൂഴി-വയക്കര റോഡ് 500 മീ. മുതൽ 1000 മീ വരെയുള്ള ഭാഗത്ത് മെറ്റലിംഗ് ജോലികൾ ചെയ്യുക— രൂപ 5,00,000	12,500
2	ടി റോഡ് 1000 മീ. മുതൽ 1400 മീ. വരെയുള്ള ഭാഗത്ത് ടി—രൂപ 4,06,000	10,150

ദർഘാസ് ഫോറത്തിന്റെ വില—രൂപ 400 + വാറ്റ്.

ദർഘാസ് തീയതി—12-8-2009.

ജോലി ചെയ്തുതീർക്കേണ്ട കാലാവധി—ഉടമ്പടി തീയതി മുതൽ 3 മാസം.

ദർഘാസിനോടൊപ്പം 50 (അൻപത്) രൂപയുടെ മുദ്രപ്പത്രത്തിൽ കരാറുകാരൻ ഒപ്പിട്ട ഒരു പ്രാഥമിക ഉടമ്പടികൂടി സമർപ്പിക്കേണ്ടതാണ്. കേരള പൊതുമരാമത്ത് വകുപ്പിലെ ലേല/ദർഘാസ് നിബന്ധനകൾ എല്ലാംതന്നെ ഈ ജോലികൾക്കും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിലോ കോന്നി റെയിഞ്ചാഫീസിലോ നേരിട്ട് അന്വേഷിച്ചറിയേണ്ടതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, (ഒപ്പ്)
കോന്നി. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

മണ്ണാർക്കാട് ഡിവിഷൻ

ദർഘാസ്/ലേലപ്പരസ്യം

നമ്പർ ആർ-3323/2008. 2009 ജൂൺ 27.

മണ്ണാർക്കാട് ഡിവിഷന്റെ കീഴിലുള്ള മണ്ണാർക്കാട് റെയിഞ്ചിലെ തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ടിൽ അട്ടിവച്ചിരിക്കുന്നതും താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നതുമായ തേക്ക് വിറക്, ബില്ലറ്റ് എന്നിവ മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം അവർകളുടെ 6-12-2008-ലെ പ്രൊ.5-7698/2008-ാം നമ്പർ പ്രകാരം 16-12-2008-ലെ കേരള സർക്കാർ ഗസറ്റ് നമ്പർ 50-ൽ 481 മുതൽ 487 വരെ പേജുകളിൽ പ്രസിദ്ധീകരിച്ച ലേല നിബന്ധനകൾ അനുസരിച്ച് പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതിയിൽ ദർഘാസ്/ലേലം ചെയ്ത് വിൽക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ ഈ ആഫീസിൽ നിന്നും ലേലത്തീയതിക്ക് തൊട്ടുമുമ്പുള്ള പ്രവൃത്തി ദിവസം ഉച്ചയ്ക്ക് ഒരു മണിവരെ ലഭിക്കുന്നതാണ്. ടി ലേലത്തിൽ ദർഘാസുകൾ നൽകുവാൻ താൽപ്പര്യമുള്ളവർ ലേലത്തീയതിക്ക് തൊട്ടുമുമ്പുള്ള പ്രവൃത്തി ദിവസം ഉച്ചയ്ക്കുശേഷം 3 മണിക്ക് മുമ്പായി സീൽചെയ്ത ദർഘാസുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്ന ഓരോ ലോട്ടിന്റേയും നമ്പരും വിലയും കാണിച്ച് മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ലേലം നടത്തുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമായി പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ദർഘാസ്/ലേലം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ നിന്നും മണ്ണാർക്കാട് റെയിഞ്ചാഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്. സീൽചെയ്ത ദർഘാസുകൾക്കൊപ്പം 20,000 രൂപയുടെ നിരതദ്രവ്യം പണമായി അടയ്ക്കേണ്ടതാണ്.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽനിന്നും വാങ്ങിയതോ അല്ലെങ്കിൽ വ്യക്തിയുടെ പൂർണ്ണമായ തിരിച്ചറിയലിന് കഴിയുന്നതും ഏതെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് നൽകിയതുമായ രേഖകൾ (ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വോട്ടർ ഐഡന്റിറ്റി കാർഡ് എന്നിവയോ) നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുമ്പായി ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ഈ സർട്ടിഫിക്കറ്റിന് 6 മാസത്തിലുള്ള പഴക്കം മാത്രമേ പാടുള്ളൂ. ഇപ്രകാരം സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ യാതൊരു കാരണവശാലും ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

പട്ടിക

ലേല സ്ഥലം	വിഭവങ്ങൾ	അളവ്
മണ്ണാർക്കാട് റെയിഞ്ചിൽ തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ട്	തേക്ക് വിറക്	57.50 MT
ഡമ്പിംഗ് ഡിപ്പോ (1947 പാണക്കാടൻ തേക്ക് തോട്ടം അടക്കി മുറിയിൽ നിന്നും ശേഖരിച്ചവ)	തേക്ക് ബില്ലറ്റ്	1.50 MT

പട്ടികയിൽ പറയുന്ന വിഭവങ്ങൾ ഏകദേശമാണ്.

ലേലത്തീയതിയും സമയവും—20-8-2009 രാവിലെ 10 മണി.

ആദ്യ ലേലത്തിൽ മതിയായ വില ലഭിക്കാത്തപക്ഷം വീണ്ടും ലേലം ചെയ്യുന്ന തീയതിയും സമയവും—27-8-2009 രാവിലെ 10 മണി.

ലേലത്തിന് മുൻപ് പട്ടികയിൽ പറയുന്ന ഏതെങ്കിലും വിഭവങ്ങൾ എന്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ പട്ടികയിൽനിന്നും ഒഴിവാക്കാനും പട്ടികയിൽപ്പെടാത്ത വിഭവങ്ങൾ കൂട്ടിച്ചേർക്കുവാനുമുള്ള അവകാശം ലേല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ആദ്യ ടെണ്ടർ/ലേല തീയതിയിൽ മതിയായ ആളുകൾ പങ്കെടുക്കാതിരിക്കുകയോ ഉദ്ദേശിച്ച വില ലഭിക്കാതെ വരികയോ ആണെങ്കിൽ ദർഘാസ്/ലേലം മുകളിൽ പറയുന്ന തീയതിയിൽ നടത്തുന്നതായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, മണ്ണാർക്കാട്. (ഒപ്പ്) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, (കേരള ഗവർണ്ണർക്കുവേണ്ടി).

NEMMARA DIVISION

TENDER/AUCTION NOTICE

No. C1-454/2009. *3rd July 2009.*

It is hereby notified for the information of the public that the Tender-cum-Auction Sale of usufructs collected from the resumed Estate of Beatrice Estate in Nelliyampathy Range under Nemmara Division will be conducted by the Divisional Forest Officer, Nemmara or any other officer authorized by him as per the sale conditions appended below and other tender/auction sale conditions prevailing in the Kerala Forest Department. The usufructs are organic and are stored in the godowns of the concerned estate buildings. If the date of auction happens to be a public holiday, local holiday or harthal, the sale will be conducted on the next working day at the stipulated place and time.

	Quantity in Kg.			
Name of estate	*Coffee*	*Pepper (Dry)*	*Pepper (Dust)*	*Kudampuli*
Beatrice	23600	64	0.500	15

E. M. D.—Rs. 10,000.

Cost of tender form—Rs. 100+VAT

Last date and time of supply of tender form—5-8-2009 at 5 p. m.

Last date and time of submission of tender—6-8-2009 at 11 a. m

Tender/auction date and time— 6-8-2009, 12 Noon.

CONDITIONS

1. Those who intend to participate in the tender/auction should produce their valid Identity Card such as Certificate attesting signature and permanent address obtained from Village Officer or attested Election Identity Card/Driving Licence/Passport before remitting the EMD. They should also file an undertaking agreeing that they will personally held responsible for the loss if any, sustained to Government due to the breach of any sale conditions.

2. Those who intend to participate in the tender/auction should ensure themselves of the quality, quantity etc. of the produce before the tender/auction. Complaints if any, in this regard will not be entertained after the sale.

3. The produce will be put up for sale in lots. The tender should be submitted by quoting the rate for 1 kg., for each lot. The tender will be opened and finalized in the presence of the tenderers present on completion of the auction procedure.

4. The successful tenderer/bidder should remit the full sale value if the total sale amount is below Rs. 20,000 and if it exceeds, he should remit the 35% of the bid amount subject to a minimum of Rs. 20,000 and maximum of Rs. 1,00,000 in cash or by DD on the same day. If the 35% bid amount is more than 1,00,000, the amount exceeding 1 lakh has to be remitted in the Treasury and the receipt produced within 7 working days after the auction sale. If anybody fails to remit the balance amount, the amount already remitted by them will be forfeited to Government.

5. Balance bid amount and taxes thereon should be remitted to Government Treasury within 40 days from the date of communication of the confirmation orders.

6. An extension of 30 days time will be allowed on payment of 18% interest and a further extension of 30 days on payment of 24% interest + 2½ % surcharge on interest. Another 30 days extension will be granted on payment of 36% interest with 5% surcharge on interest. There will be no extension beyond the above 90 days. If the bidder fails to remit the amount within the extended period the amount already remitted by the defaulters will be forfeited to Government and the produce will be re-tendered/re-auctioned at the risk and loss of the defaulter.

7. If the bidder fails to remit all the amount within 130 days from the date of communication of the confiscation order, the tender/auctioned will be cancelled and the produce will be re-tendered/re-auctioned at the risk and loss of the defaulter after issuing a notice to the defaulter with 10 days validity.

8. The following powers of the undersigned are unquestionable.

(a) The EMD of any person/firm can be denied without assigning any reason.

(b) Any notified lots can be excluded from the sale or any additional lots can be put up for sale.

(c) Any person/firm can be expelled from the auction process if the person/firm is believed to be involved in any activities against the auction sale.

(d) Auction process can be stopped by the undersigend at any time if the participants are indulged in activities which are detrimental to Government interest.

9. Post offer will be accepted within 7 days from the date of tender/auction. The same will be considered as per the prevailing rules in this respect.

More details regarding the tender/auction can be made available from this office or from the Range Office, Nelliyampathy/ Kollengode/Alathur during office hours.

10. The general conditions regarding tender/auction published in Kerala Gazette No. 26 dated 24-6-2008 vide Notification No. Pro (5) 2613/08 dated 12-6-2008 are also applicable for this tender/auction.

If nobody come forward to participate in the tender/ auction sale or on cancellation of tender/auction on 6-8-2009 the produce shown in the Schedule will be sold out by tender/auction sale in the subsequent days on 13-8-2009 and 20-8-2009, 25-8-2009 respectively.

This tender/auction sale notification will also be available in the website *www.keralaforest.org*. & *www.fmiskerala.org* of the Kerala Forest Department.

(Sd.)
Divisional Forest Officer.
(For and on behalf of the Governor of Kerala)

Divisional Forest Office,
Nemmara.

TIMBER SALES DIVISION, KOZHIKODE

TENDER NOTICE

No. R-1573/2009. *30th June 2009.*

Tender in sealed cover superscribing the name of work is invited for and on behalf of the Governor of Kerala by the undersigned for the following work.

Name of Work—Construction of residential quarters at Government Timber Depot, Kannoth under Timber Sales Division, Kozhikode.

Estimate Amount—Rs. 6,50,000

E.M.D.—Rs. 16,500.

Cost of tender documents—Rs. 700+VAT.

Completion Period—6 Months.

Last date and time of receipt of tender is on 10-8-2009 at 2.30 p.m. On the same day at 3 p. m. tender will be opened in the presence of available contractors. Tender documents can be available during office hours from the office of the Divisional Forest Officer, Timber Sales Division, Kozhikode-28 upto 1 p. m. on the last date fixed for receipt of tender, on application in writting and on payment of the value of documents (not transferable) either in cash or by money order. This amount will not be refunded. Tenders will be opened at 3 p. m. on the last date of receipt of tender i.e. on 10-8-2009. If the date mentioned above happens to be a holiday declared by the Government the receipt of the tender and opening of the tender will be on the next working day. In any case if tender cannot be accepted or opened in the day it will be again conducted on 14-8-2009.

All conditions stipulated for Kerala P. W. D. works and Kerala Forest Department work are applicable to this work also. E. M. D. in the normal course should be pledged in favour of the Divisional Forest Officer, Timber Sales Division, Kozhikode and name of work should be superscribed on the cover of tender. Tenders lacking the above will be rejected.

The above said estimate amount is only approximate. Actual amount shall be furnished in the tender form. The work will be minimized due to paucity of funds.

മാത്തോട്ടം വനശ്രീയിൽ ടിമ്പർ സെയിൽസ് ഓഫീസിൽ താഴെ പറയുന്ന പ്രവർത്തിക്ക് 10-8-2009-ന് പകൽ 3 മണിക്ക് ഈ ഓഫീസിൽ കിട്ടത്തക്കവിധം നിശ്ചിത യോഗ്യതയുള്ള പൊതുമരാമത്ത് വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ദർഘാസ് ഫോറങ്ങൾ അന്നേ ദിവസം 10-8-2009-ന് പകൽ 2.30 മണിവരെ സ്വീകരിക്കുന്നതും 3 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമായിരിക്കും. ദർഘാസിനോടൊപ്പം നിശ്ചിത നിരതദ്രവ്യം ഒടുക്കിയതിനുള്ള രേഖകളും 50 രൂപയുടെ (അൻപത് രൂപ) മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടിയും അടക്കം ചെയ്യേണ്ടതാണ്.

പ്രവർത്തിയുടെ പേര് —കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള കണ്ണോത്ത് തടി ഡിപ്പോയിൽ ക്വാട്ടേഴ്സ് നിർമ്മിക്കുന്ന പ്രവൃത്തി.

അടങ്കൽ തുക—രൂപ 6,50,000.

നിരതദ്രവ്യം—രൂപ 16,500.

ദർഘാസ് പ്രമാണത്തിന്റെ വില—രൂപ 700+വാറ്റ്.

കാലാവധി—6 മാസം.

മേൽപ്പറഞ്ഞ അടങ്കൽ തുക ഉദ്ദേശം മാത്രമാണ്. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രവർത്തികൾ പരിമിതപ്പെടുത്തുന്നതാണ്.

ദർഘാസ് സ്വീകരിക്കുന്നതിനും നിരാഹരിക്കുന്നതിനും ഉള്ള അധികാരം കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. എന്തെങ്കിലും കാരണവശാൽ 10-8-2009-ന് നടത്തുവാൻ കഴിയാതെവന്നാൽ പ്രസ്തുത പ്രവർത്തിയുടെ ദർഘാസ് വീണ്ടും 14-8-2009-ന് പകൽ 2.30 മണിവരെ സ്വീകരിക്കുന്നതും 3 മണിക്ക് തുറക്കുന്നതുമായിരിക്കും. മുകളിൽ പറഞ്ഞിരിക്കുന്ന തീയതി പൊതു ഒഴിവ് ദിവസമായി വന്നാൽ ദർഘാസുകൾ തൊട്ടടുത്ത പ്രവർത്തി ദിവസം 2.30 മണിവരെ സ്വീകരിക്കുന്നതും 3 മണിക്ക് തുറക്കുന്നതുമായിരിക്കും.

പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരമുള്ള കരാറുകാർക്ക് നിശ്ചിത വിലയടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ദർഘാസ് ഫോറങ്ങളും മറ്റും ദർഘാസ് ദിവസം ഒരു മണിവരെ കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷനിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിനുവേണ്ടി അടച്ച തുക യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. ആവശ്യമായ നിരതദ്രവ്യം ചെക്കാണെങ്കിൽ ദർഘാസ് പ്രമാണത്തിന് 50 (അമ്പത്) രൂപ വിലയുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ നിശ്ചിത പ്രാഥമിക ഉടമ്പടി ഇല്ലെങ്കിൽ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് പ്രമാണങ്ങൾ കൈമാറാറം ചെയ്യാൻ പാടില്ലാത്തതാകുന്നു. നിരതദ്രവ്യം കോഴിക്കോട് ജില്ലയിലെ എതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ വിലാസത്തിൽ മാറ്റത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റാക്കി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

കേരള പൊതുമരാമത്ത് വകുപ്പിന്റെയും കേരള വനം വകുപ്പിന്റെയും ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. ഫോൺ-0495 2414702.

Divisional Forest Office,
Timber Sales Division, (Sd.)
Kozhikode. *Divisional Forest Officer.*

കോഴിക്കോട് ഡിവിഷൻ

ദർഘാസ്/ലേല പരസ്യം

നമ്പർ ജി1-3696/2009. 2009 ജൂലൈ 6.

കോഴിക്കോട് ഡിവിഷനിലെ കുറ്റ്യാടി ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് കോമ്പൗണ്ടിൽ നിന്ന് മുറിച്ച് ശേഖരിച്ച പ്ലാവ്, മട്ടി ഇനത്തിൽപ്പെട്ട മരങ്ങൾ മുറിച്ച് ശേഖരിച്ച തടികളും വിറകും ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം) തിരുവനന്തപുരം 6-12-2008-ലെ പ്രൊ(5)7698/08 നമ്പരായി പ്രസിദ്ധീകരിച്ച ലേല നിബന്ധനകൾക്ക് വിധേയമായി കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ കുറ്റ്യാടി റെയിഞ്ചിൽവച്ച് 4-8-2009-ന് ദർഘാസ്/ലേല അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതാണ്. പ്രസ്തുത ദിവസം ദർഘാസ്/ലേലത്തിൽ വിൽപ്പനയാകാതെ വരികയോ ദർഘാസ്/ലേലം നടക്കാതെ വരികയോ ചെയ്യതാൽ ഇവ 11-8-2009-ന് ദർഘാസ്/ലേല അടിസാഥാനത്തിൽ വിൽക്കുന്നതാണ്. പ്രസ്തുത ദിവസവും ലേലം നടക്കാതെ വരുകയാണെങ്കിൽ ഇവ കുറ്റ്യാടി റെയിഞ്ചിലെ പിന്നീട് വരുന്ന തൊണ്ടി ലേലം വിജ്ഞാപനം ചെയ്ത തീയതികളിൽ മേൽ സൂചിപ്പിച്ച വ്യവസ്ഥകൾക്ക് വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതാണ്.

ദർഘാസ് ഫാറങ്ങൾ കുറ്റ്യാടി റെയിഞ്ച് ആഫീസിൽ നിന്നും ലേല ദിവസം ഉച്ചയ്ക്ക് 12 മണിവരെ ലഭിക്കുന്നതാണ്. ഫാറം വില 300 രൂപയും വിൽപ്പന നികുതിയും (വാറ്റ്) ഈടാക്കുന്നതാണ്. ഇതിന്റെ വില തിരികെ നൽകുന്നതല്ല. ലേല നടപടികൾ അതാതു ദിവസം 3 മണിക്ക് ആരംഭിക്കുന്നതാണ്. ദർഘാസുകൾ അന്നേ ദിവസം 1 മണി വരെ സ്വീകരിക്കുന്നതാണ്. ലേലം കഴിഞ്ഞതിനു ശേഷം ദർഘാസുകൾ അപ്പോൾ ഹാജരുള്ള ആളുകളുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. നിരതദ്രവ്യം 10,000 രൂപയായിരിക്കും. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ വില വ്യക്തമായി ദർഘാസിൽ രേഖപ്പെടുത്തേണ്ടതാണ്. ദർഘാസ്/ലേലത്തിൽ വച്ചതായ ഇനങ്ങൾ ദർഘാസ്/ലേല തീയതിക്ക് മുമ്പായി നേരിൽകണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ലേലംകൊണ്ട ശേഷം സമർപ്പിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

ക്രമ നമ്പർ	ഇനം	എണ്ണം	അളവ്	സൂക്ഷിച്ചിരിക്കുന്ന സ്ഥലം
1	പ്ലാവ് II	8	0.775M^3	കുറ്റ്യാടി റെയിഞ്ച് ആഫീസ് കോമ്പൗണ്ട്
2	മട്ടി II	14	1.264 M^3	,,
3	തെങ്ങ്	10	1.183 M^3	,,
4	വിറക്	..	1.05 MT	,,

കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ആഫീസിലോ (ഫോൺ 0495-2374450) കുറ്റ്യാടി റെയിഞ്ച് ആഫീസിലോ (ഫോൺ 0496-2598320) ബന്ധപ്പെടാവുന്നതാണ്.

ഡിവിഷണൽ (ഒപ്പ്)
ഫോറസ്റ്റ് ഓഫീസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
കോഴിക്കോട്. (കേരള ഗവർണ്ണർക്കുവേണ്ടി)

സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ

ദർഘാസ്/ലേല പരസ്യം

നമ്പർ ബി1-4240/2009. 2009 ജൂലൈ 13.

സൗത്ത് വയനാട് ഡിവിഷന്റെ കീഴിലുള്ള ചെതലത്ത് ഫോറസ്റ്റ് റെയിഞ്ചിലെ 1978 ചീയമ്പം തേക്ക് തോട്ടത്തിൽനിന്നും മുറിച്ച് ശേഖരിച്ച വിവിധയിനം തേക്ക് കഴകൾ 21-5-2009, 28-5-2009, 2-6-2009 എന്നീ തീയതികളിൽ നടത്തിയതായ ലേലത്തിൽ വിറ്റു പോകാത്തതായ 993 എണ്ണം വിവിധയിനം തേക്കുകഴകൾ 12-8-2009-ാം തീയതി 10 മണിക്ക് ചെതലത്ത് റെയിഞ്ചിലെ ഇരുളം ഡംപിംഗ് ഡിപ്പോയിൽവച്ച് ലേലത്തിൽ വയ്ക്കുന്ന സ്റ്റോക്ക് അനുസരിച്ച് 24-6-2008-ലെ കേരള ഗസറ്റ് നമ്പർ 26-ലെ 253 മുതൽ 259 വരെ പേജുകളിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്രൊട്ടക്ഷൻ), തിരുവനന്തപുരം നമ്പർ പ്രൊ. (5)-2613/08 തീയതി 12-6-2008 എന്ന നമ്പരിൽ പ്രസിദ്ധപ്പെടുത്തിയ ടെണ്ടർ/ലേല നിബന്ധനകളും സർക്കാർ തടി ഡിപ്പോകളിലെ ലേല വിൽപ്പന സംബന്ധിച്ച് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിയമങ്ങൾക്കും/നിബന്ധനകൾക്കും വിധേയമായി, സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമലതപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ടെണ്ടർ-കം-ഓക്ഷൻ സമ്പ്രദായത്തിൽ വിൽക്കുന്നതായിരിക്കും.

ലേലത്തീയതിയുടെ തൊട്ടു മുമ്പിലത്തെ പ്രവൃത്തി ദിവസം ഉച്ചയ്ക്കുശേഷം 2.30 മണി വരെ ദർഘാസ് ഫോറങ്ങൾ ചെതലയം റെയിഞ്ചാഫീസിൽനിന്നും ലഭിക്കുന്നതും പൂരിപ്പിച്ച മുദ്രവച്ച ദർഘാസുകൾ ലേല ദിവസം രാവിലെ 9 മണിവരെ ചെതലയം റെയിഞ്ച് ഓഫീസിൽ സ്വീകരിക്കുന്നതുമായിരിക്കും. ലേലദിവസം പണിമുടക്കോ പൊതു ഒഴിവ് ദിവസമോ ആയി വരികയാണെങ്കിൽ പ്രസ്തുത ടെണ്ടർ-കം-ഓക്ഷൻ അടുത്ത പ്രവൃത്തി ദിവസം മേൽ പ്രസ്താവിക്കപ്പെട്ട സ്ഥലത്തും സമയത്തും നടത്തുന്നതാണ്. പ്രസ്തുത ലേലത്തിൽ വിൽപ്പനയ്ക്ക് വയ്ക്കാത്തതോ വിൽപ്പന നടക്കാത്തതോ ആയ വിഭവങ്ങൾ 18-8-2009-ാം തീയതി 10 മണിക്ക് അതേ ഡിപ്പോയിൽവച്ച് നടത്തുന്നതാണ്.

പോസ്റ്റ് ഓഫറുകൾ ലേലത്തീയതി മുതൽ 7 ദിവസത്തിനകം മുകളിൽ പറഞ്ഞതായ ഗസറ്റ് വിജ്ഞാപനത്തിലെ നിബന്ധനകൾ പ്രകാരം സ്വീകരിക്കുന്നതാണ്.

പട്ടിക

ലേല സ്ഥലം	തോട്ടത്തിന്റെ പേര്	തേക്ക് കഴകളുടെ ഏകദേശ എണ്ണം											ആകെ	ലേല തീയതിയും സമയവും
		1-ാം ക്ലാസ്			2-ാം ക്ലാസ്			3-ാം ക്ലാസ്	4-ാം ക്ലാസ്	5-ാം ക്ലാസ്	ബില്ലറ്റ്	വിറക്		
		ബി	സി	ഡി	ബി	സി	ഡി							
ഇരുളം ഡംപിംഗ് ഡിപ്പോ	1978 ചീയമ്പം തേക്ക് തോട്ടം	20	85	5	25	40	20	..	..	800	..	..	995 കഴകൾ	12-8-2009, 10 മണി (വിൽപ്പനയാകാത്ത ലോട്ടുകൾ 18-8-2009-ന് 10 മണിക്ക് പുനർലേലം ചെയ്യുന്നതാണ്)

അടങ്കൽ തുക—രൂപ 6,50,000

നിരതദ്രവ്യം — രൂപ 20,000

ദർഘാസ് പ്രമാണത്തിന്റെ വില—രൂപ 100+വാറ്റ്.

ഡിവിഷണൽ ഫോറസ്റ്റാഫീസ്,
സൗത്ത് വയനാട് ഡിവിഷൻ,
കൽപ്പറ്റ.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)